**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4214** **18-03-2025-ൽ മറുപടിയ്ക്ക്**

**<u>രണ്ടാം കോവിഡ് പാക്കേജിനായി ചെലവാക്കിയ തുക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. കെ. രമ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഇരുപതിനായിരം കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജിൽ നാളിതുവരെ ചെലവാക്കിയ തുക എത്രയെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>**

2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഇരുപതിനായിരം കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജിൽ ആകെ 24708.55271 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ആരോഗ്യ ധനസഹായം ഇനത്തിലും KMSCL നാഷണൽ ഹെൽത്ത് മിഷൻ, IMS, DME, DAME, DHS എന്നീ വകുപ്പുകൾ മുഖേന നാളിതു വരെ ആരോഗ്യ മേഖലയ്ക്കായി 1058.588711 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ഭക്ഷ്യകിറ്റിനായി സിവിൽ സപ്ലൈസ് വകുപ്പ് വഴി 1750.19 കോടി രൂപയും സാമൂഹിക സുരക്ഷാ പെൻഷൻ, ക്ഷേമനിധി ബോർഡ് പെൻഷൻ എന്നീ ഇനത്തിൽ 8538.23 കോടി രൂപയും, 1000 രൂപ ധനസഹായം ഇനത്തിൽ 126.2308 കോടി രൂപയും, എംപ്ലോയിമെന്റ് ഗ്യാരന്റി പദ്ധതിയിൽ 3289.50 കോടി രൂപയും കോൺട്രാക്ടർ സപ്ലെയർ കുടിശ്ശിക ഇനത്തിൽ 4239.95 കോടി രൂപയും, റബ്ബർ സബ്സിഡി ഇനത്തിൽ വകുപ്പ് വഴി 50 കോടി രൂപയും ഉൾപ്പെടെ ഇൻകം ട്രാൻസ്ഫർ ഇനത്തിൽ ആകെ 17994.1008 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ചെറുകിട വ്യവസായം/കൃഷിക്കുമായി കൈത്തറി വകുപ്പ്, KSDIC വഴി 97.90 കോടി രൂപ, കുടുംബശ്രീ NHG മുഖേന 4794.42 കോടി രൂപ, MSME-കൾക്ക് KFC വഴി വായ്പയായി 93.8632 കോടി രൂപ, ടൂറിസം ലോണിനായി 15 കോടി രൂപ, നോർക്ക സ്വയം തൊഴിലിനായി (NBFC വഴി) 654.68 കോടി രൂപയും ഉൾപ്പെടെ ഇക്കോണമിക് റിവൈവൽ ഇനത്തിൽ 5655.86 കോടി രൂപ നാളിതു വരെ ആകെ അനുവദിച്ചിട്ടുണ്ട്.

**(ബി)** ഏതൊക്കെ ഇനങ്ങളിലായി ഏതൊക്കെ വകുപ്പുകൾ മുഖേനയാണ് പ്രസ്തുത തുക ചെലവാക്കിയിട്ടുള്ളത്;

**മറുപടി:** 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഇരുപതിനായിരം കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജിൽ ആകെ 24708.55271 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ആരോഗ്യ ധനസഹായം ഇനത്തിലും KMSCL നാഷണൽ ഹെൽത്ത് മിഷൻ, IMS, DME, DAME, DHS എന്നീ വകുപ്പുകൾ മുഖേന നാളിതു വരെ ആരോഗ്യ മേഖലയ്ക്കായി 1058.588711 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ഭക്ഷ്യകിറ്റിനായി സിവിൽ സപ്ലൈസ് വകുപ്പ് വഴി 1750.19 കോടി രൂപയും സാമൂഹിക സുരക്ഷാ പെൻഷൻ, ക്ഷേമനിധി ബോർഡ് പെൻഷൻ എന്നീ ഇനത്തിൽ 8538.23 കോടി രൂപയും, 1000 രൂപ ധനസഹായം ഇനത്തിൽ 126.2308 കോടി രൂപയും, എംപ്ലോയിമെന്റ് ഗ്യാരന്റി പദ്ധതിയിൽ 3289.50 കോടി രൂപയും കോൺട്രാക്ടർ സപ്ലെയർ കുടിശ്ശിക ഇനത്തിൽ 4239.95 കോടി രൂപയും, റബ്ബർ സബ്സിഡി ഇനത്തിൽ വകുപ്പ് വഴി 50 കോടി രൂപയും ഉൾപ്പെടെ ഇൻകം ട്രാൻസ്ഫർ ഇനത്തിൽ ആകെ 17994.1008 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ചെറുകിട വ്യവസായം/കൃഷിക്കുമായി കൈത്തറി വകുപ്പ്, KSDIC വഴി 97.90 കോടി രൂപ, കുടുംബശ്രീ NHG മുഖേന 4794.42 കോടി രൂപ, MSME-കൾക്ക് KFC വഴി വായ്പയായി 93.8632 കോടി രൂപ, ടൂറിസം ലോണിനായി 15 കോടി രൂപ, നോർക്ക സ്വയം തൊഴിലിനായി (NBFC വഴി) 654.68 കോടി രൂപയും ഉൾപ്പെടെ ഇക്കോണമിക് റിവൈവൽ ഇനത്തിൽ 5655.86 കോടി രൂപ നാളിതു വരെ ആകെ അനുവദിച്ചിട്ടുണ്ട്.

**(സി)** പ്രസ്തുത ബഡ്ജറ്റിൽ തന്നെ കെ.എസ്.ആർ.ടി.സി. ഡീസൽ ബസുകൾ സി.എൻ.ജി. യിലേക്ക് മാറ്റുന്നതിനായി നീക്കിവെച്ചിരുന്ന 100 കോടി രൂപയിൽ നിന്നും ഹൈഡ്രജൻ ഇന്ധനമായി 10 പുതിയ ബസ്സുകൾക്കായി നീക്കി വെച്ചിരുന്ന 10 കോടി രൂപയിൽ നിന്നും എത്ര രൂപ വീതമാണ് നാളിതുവരെ ചെലവാക്കിയിട്ടുള്ളത്; ഈ തുകകൾ ചെലവാക്കിയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**മറുപടി:**

2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ' പരിസ്ഥിതി സൗഹൃദ ഗതാഗതത്തിനു ഒരു പുത്തൻ ചുവടു വെയ്പ്' എന്ന നിലയിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റേയും, സിയാലിന്റേയും സഹകരണത്തോടെ പൈലറ്റ് അടിസ്ഥാനത്തിൽ ഹൈഡ്രജൻ ഇന്ധനമായി 10 പുതിയ ബസ്സുകൾ നിരത്തിലിറക്കുമെന്നും സർക്കാർ വിഹിതമായി 10 കോടിരൂപ വകയിരുത്തുമെന്നും പ്രഖ്യപിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണവകുപ്പ് ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി ഡീസൽ ബസ്സുകൾ കൂടുതലായി സി.എൻ.ജിയിലേയ്ക്ക് Retro fitment നടത്തി പരിവർത്തനം ചെയ്യുന്നതിനു മുന്നോടിയായി 7 ബസ്സുകൾ പരീക്ഷണാടിസ്ഥാനത്തിൽ പരിവർത്തനം ചെയ്തുവെങ്കിലും സി.എൻ.ജിയുടെ വില വർദ്ധനവിനെ തുടർന്നും, മറ്റു പ്രായോഗിക പരിമിതികൾ കാരണവും കൂടുതൽ ബസുകൾ സി.എൻ.ജിയിലേയ്ക്ക് പരിവർത്തനം നടത്തിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**